# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

04.07.2013 ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 5606

## ജൈവ വൈവിധ്യ പാർക്കുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി. കെ.എസ്.സലീഖ** | | **ശ്രീ. എ.പി.അനിൽകുമാർ (ബഹു.പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)** | |
| എ) | ജൈവ വൈവിധ്യ പാർക്കുകൾ എവിടെല്ലാം സ്ഥാപിക്കാനാണ് നടപടികൾ സ്വീകരിക്കുന്നത് എന്നു വ്യക്തമാക്കുമോ ; | എ) | തിരുവനന്തപുരം വള്ളക്കടവിൽ |
| ബി) | ഇതിനായി ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലും, കേരള ജൈവ വൈവിധ്യ ബോർഡും എന്ത് നടപടികൾ ഓരോ ജില്ലകളിലും സ്വീകരിച്ചു; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ; | ബി) | തിരുവനന്തപുരം ജില്ലയിൽ വള്ളക്കടവിൽ നാച്ചുറൽ ഹിസ്റ്ററി മ്യൂസിയം ജൈവ വൈവിധ്യ ബോർഡുമായി ചേർന്ന് വികസിപ്പിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ തിരുവനന്തപുരം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ സ്വീകരിച്ചുവരുന്നു. മറ്റു ജില്ലകളിലൊന്നും ഇത്തരം പദ്ധതികൾ ഇപ്പോൾ ആലോചനയിലില്ല. |
| സി) | ഇതിനായി എന്ത് തുക വകയിരുത്തിയിട്ടുണ്ട്; എത്ര തുക അനുവദിച്ചു നൽകി ; ഏതു സ്ഥലത്തിനായാണ് അനുവദിച്ചത്; വിശദാംശം ലഭ്യമാക്കുമോ ; | സി) | വിശദമായ പദ്ധതി തയ്യാറാക്കി വരുന്നതേയുള്ളു. |
| ഡി) | ജൈവ വൈവിധ്യ പാർക്കിനായി വള്ളക്കടവിൽ സർക്കാർ എത്ര സ്ഥലം ഏറ്റെടുത്തു, എന്തെല്ലാം പ്രവൃത്തികളാണ് അവിടെ നടത്തുവാനുദ്ദേശിക്കുന്നത് ; ഇതിന് നേതൃത്വം നൽകുന്നത് ആരെല്ലാം ; എന്ത് തുക അനുവദിച്ചു; ഇതിന്റെ ഓഫീസ് പ്രവർത്തനങ്ങൾ ആരാണ് നിർവ്വഹിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ ? | ഡി) | ടൂറിസം വകുപ്പ് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന് കൈമാറിയിട്ടുള്ള വള്ളക്കടവിലുള്ള ബോട്ടുപുര എന്ന കെട്ടിടത്തിൽ നാച്ചുറൽ ഹിസ്റ്ററി മ്യൂസിയം സ്ഥാപിക്കുന്നതിന് സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് നൽകിയ പദ്ധതി ഡി.റ്റി.പി.സി പരിഗണിച്ചുവരുന്നു. വിശദാംശങ്ങൾ തീരുമാനമായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**